ഉത്തരം

(എ) മൂന്നാട്, ബോധഡുക്ക, കുറ്റിക്കോൽ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ എ.ആർ.പി. പദ്ധതിയിൽപ്പെടുത്തി 7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ കിണറിന്റെയും പമ്പ് ഹൗസിന്റെയും പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. റോ വാട്ടർ/ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെയും (പാക്കേജ് III) ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സോൺ III-ന്റെയും പ്രവൃത്തികളുടെ ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ട്.

ശുദ്ധീകരണശാലയുടേയും ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ സോൺ I, II-ന്റേയും പ്രവൃത്തികളുടെ ടെണ്ടറിന് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി 12-2011-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

155 (5045) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിലെ വെണ്ണിയൂർ ഓഗ്മെന്റേഷൻ പദ്ധതി, മുന്നിയൂർ, തേഞ്ഞിപ്പാലം, ചേലമ്പ്ര പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ, തിരൂരങ്ങാടി പഞ്ചായത്തിന്റെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണാൻ വാസ്കോൺ തയ്യാറാക്കി സമർപ്പിച്ച പദ്ധതി എന്നിവയുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

തിരൂരങ്ങാടി ഗ്രാമ പഞ്ചായത്തിലെ മുന്നിയൂർ, തേഞ്ഞിപ്പാലം, ചേലാമ്പ്ര, പെരുവള്ളൂർ കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തിയുടേയും, വെണ്ണിയൂർ ഭാഗത്തെ വിപുലീകരണ പ്രവർത്തിയുടേയും വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിക്കുകയും പമ്പ് സെറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

തിരൂരങ്ങാടി പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരം വാസ്കോൺ തയ്യാറാക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly